**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2378** **04-03-2025 - ൽ മറുപടിയ്ക്ക്**

**കിഫ്ബി വായ്പകളുടെ തിരിച്ചടവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബി വായ്പകളുടെ തിരിച്ചടവിനായി നിലവിൽ ഏതൊക്കെ ഇനത്തിലുള്ള തുകകളാണ് വിനിയോഗിക്കുന്നത്; നാളിതുവരെ വരുമാനദായകമായ എന്തൊക്കെ പദ്ധതികൾ കിഫ്ബി നടപ്പാക്കിയിട്ടുണ്ട്; ഇതിലൂടെ എത്ര തുക സമാഹരിച്ചിട്ടുണ്ട്; പ്രസ്തുത തുക ഏതൊക്കെ ഇനത്തിൽ വിനിയോഗിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ? | (എ) | കിഫ്ബി വായ്പകളുടെ തിരിച്ചടവിനായി വിവിധ വരുമാനങ്ങളെ ആശ്രയിക്കാറുണ്ട്. കിഫ് ആക്ട് പ്രകാരം സർക്കാരിൽ നിന്നും ലഭിച്ച വരുന്ന തുകകൾ, നിക്ഷേപങ്ങളിൽ നിന്നും പലിശ ഇനത്തിൽ ലഭിക്കുന്ന വരുമാനം, വരുമാനദായകമായ പദ്ധതികളിൽ നിന്നും തിരിച്ചടവായും പലിശയായും ലഭിക്കുന്ന തുകകൾ എന്നിവ ഇതിലേക്കായി പ്രയോജനപ്പെടുത്താറുണ്ട്. നിലവിൽ 21 പദ്ധതികളെയാണ് കിഫ്ബി വരുമാനദായകമായ പദ്ധതികളായി കണക്കാക്കിയിരിക്കുന്നത്. 01.03.2025 ലെ കണക്കുകൾ പ്രകാരം വരുമാനദായകമായ പദ്ധതികളിൽ നിന്നും ആകെ 1,929.13 കോടി രൂപ ലോണിന്റെ പലിശ/ മുതൽ ഇനത്തിൽ ലഭിച്ചിട്ടുണ്ട്. ഈ തിരിച്ചടവ് തുകകൾ അതിനായി തുടങ്ങിയ ഒരു പ്രത്യേക അക്കൗണ്ടിൽ സ്വരൂപിക്കുകയും, ശേഷം ഒരു പൂൾ അക്കൗണ്ടിലേക്ക് മാറ്റുകയും ചെയ്യുന്നു. ഈ തുക കിഫ്ബിയുടെ ലോൺ തിരിച്ചടവ് ഉൾപ്പടെയുള്ള വിവിധ പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുന്നു. |

സെക്ഷൻ ഓഫീസർ